ശേഖരിച്ച 50 വവ്വാലുകളുടെ പരിശോധന ഫലം പുറത്തുവന്നു. ഇതിൽ ടെറോപസ് വിഭാഗത്തിൽപ്പെട്ട വവ്വാലിലും റോസിറ്റെസ് വിഭാഗത്തിൽപ്പെട്ട വവ്വാലുകളിലും വൈറസിനെതിരായ lgG ആന്റിബോഡിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി യോജിച്ച് കൂടുതൽ പഠനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഉപയോഗിക്കുന്ന മരുന്നുകളുടെയും സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

എക്സൈസ് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടി

7 (*5) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് എൻഫോഴ്സ്മെന്റിന്റെ അധികാര പരിമിതി മുതലാക്കി അന്താരാഷ്ട്ര ബന്ധമുള്ള സംഘങ്ങൾ ഉൾപ്പെടെ വിമാനത്താവളം വഴിയും ടെയിൻ മാർഗ്ഗവും എം.ഡി.എം.എ. പോലുള്ള രാസലഹരി വസ്തുക്കളും ഹാഷിഷ് ഉൾപ്പെടെ മറ്റു ലഹരിവസ്തുക്കളും സംസ്ഥാനത്തേയ്ക്ക് കടത്തി കൊച്ചിയെ മയക്കുമരുന്ന് ഹബ്ബാക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്നതിനാൽ സംസ്ഥാന എക്സൈസ് വകുപ്പ് പോലീസുമായി കൈകോർത്ത് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിമാനത്താവളം വഴിയും ടെയിൻ മാർഗ്ഗവുമുള്ള മയക്കുമരുന്നുകൾ, രാസലഹരി വസ്തുക്കൾ എന്നിവയുടെ കടത്ത് തടയുന്നതിനായി പോലീസ് വകുപ്പുമായി ചേർന്ന് പരിശോധന നടത്തുന്നുണ്ട്. പോലീസ് വകുപ്പ് കൂടാതെ ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യസുരക്ഷ, റവന്യൂ, കസ്റ്റംസ് തുടങ്ങി മറ്റുവിഭാഗങ്ങളുമായി ചേർന്നും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഈ വർഷം (2021 ജനുവരി മുതൽ നാളിതുവരെ) 1161 സംയുക്ത റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) ചെക്പോസ്റ്റുകൾ ആധുനികോപകരണങ്ങളുടെ സഹായത്തോടെ ശക്തിപ്പെടുത്താനായിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട 14 ചെക്പോസ്റ്റുകളിലും സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം നടക്കുന്നുണ്ട്. 25 ചെക്പോസ്റ്റുകളിൽ Solar Highmast ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. രാത്രി കാലങ്ങളിൽ ചെക്പോസ്റ്റുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി ഡിജിറ്റൽ LED സൈൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. 27 ചെക്പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ചെക്പോസ്റ്റുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തിയിട്ടുണ്ട്.

(സി) ലഹരിവേട്ട ശക്തിപ്പെടുത്താൻ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ലഹരിവേട്ട ശക്തിപ്പെടുത്തുന്നതിനായി നിലവിൽ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളുണ്ട്. ഇടുക്കി ജില്ലയിൽ കഞ്ചാവ് കൃഷി തടയുന്നതിനുൾപ്പെടെയായി ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മേഖലകളിൽ മേഖലാ സ്ക്വാഡുകളും എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയുള്ള സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ഈ സ്ക്വാഡുകളിലെ എക്സൈസ് ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ളവർക്ക് കേസ് രജിസ്റ്റർ ചെയ്യാനുള്ള അധികാരം നൽകുന്നതിനും ഇപ്പോൾ നടപടികളെടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

8 (*6) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി (കില വഴി) എന്നിവ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി

LIBRARY ARCHIVES Kerala Legislative Assembly